## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4622 23/07/2015-ൽ മറുപടിക്ക്**

## വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ബാബു.എം.പാലിശ്ശേരി | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി കണക്ഷൻ ഉള്ള കുടുംബ നാഥൻ മരണപ്പെട്ടാൽ അനന്തരാവകാശിക്ക് വൈദ്യുതി കണക്ഷൻ മാറ്റി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;<br><br>(ബി) മരണപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശിയുടെ അപേക്ഷ പരിഗണിച്ച് വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ? | (എ) യും (ബി) യും<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ 91 (5), 91 (6), 91 (7) എന്നീ വകുപ്പുകൾ അനുസരിച്ച് കണക്ഷനുള്ള ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷകൻ വൈദ്യുതി കുടിശ്ശിക മുഴുവൻ അടച്ചുതീർത്തതിനുശേഷം 10 രൂപ അപേക്ഷാഫീസും 100 രൂപ പ്രോസ്സസിംഗ് ഫീസും അടച്ച് അനന്തരാവകാശം സ്ഥാപിക്കുന്നതിനുള്ള രേഖ, കൂടുതൽ അനന്തരാവകാശികളുണ്ടെങ്കിൽ മറ്റ് അനന്തരാവകാശികളുടെ സമ്മതപത്രം. എന്നിവ സഹിതം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. കൂടാതെ ഉടമസ്ഥന്റെ പേരിൽ സർവ്വീസ് കണക്ഷൻ എഗ്രിമെന്റ് വയ്ക്കേണ്ടതും, കണക്റ്റഡ് ലോഡിന് മാറ്റം വരുന്ന പക്ഷം പുതിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടതുമാണ്. സപ്ലൈ കോഡ് അനുശാസിക്കുന്ന നിയമങ്ങളനുസരിച്ച് മാത്രമേ ബോർഡിന് ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർവാഹമുള്ളൂ. |

**സെക്ഷൻ ഓഫീസർ**